**കേരള സർക്കാർ**

**ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ്**

**ജില്ലാ ഇൻഫർമേഷൻ ഓഫീസ്, തൃശൂർ. തീയതി : 2019 ജൂൺ 14**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

**Web: www.prd.kerala.gov.in.E-mail.diothrissur@gmail.com.**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>


## ഇന്ന് കേരളതീരത്ത് ശക്തമായ തിരമാല : ജാഗ്രത പാലിക്കണമെന്ന് ദേശീയ സമുദ്രസ്ഥിതി പഠനകേന്ദ്രം

ഇന്ന് (ജൂൺ 15) ശനിയാഴ്ച രാത്രി 11.30 വരെ കാസറഗോഡ് മുതൽ വിഴിഞ്ഞം വരെയുള്ള കേരള തീരത്ത് 3 മുതൽ 3.9 മീറ്റർ വരെ ഉയരത്തിൽ തിരമാലകൾ ഉണ്ടാകാൻ സാധ്യതയുണ്ടെന്ന് ദേശീയ സമുദ്ര സ്ഥിതിപഠന കേന്ദ്രം അറിയിച്ചു. കേരള തീരത്തോട് ചേർന്ന് കിടക്കുന്ന സമുദ്ര പ്രദേശത്തും ഉയർന്ന തിരമാലക്ക് സാധ്യതയുണ്ട്. വേലിയേറ്റ സമയമായ രാവിലെ 7 മണി മുതൽ 10 മണി വരെയും വൈകീട്ട് 7 മണി മുതൽ 8 മണി വരെയും താഴ്ന്ന പ്രദേശങ്ങളിൽ ജലനിരപ്പുയരാനും കടൽക്ഷോഭമുണ്ടാകാനും സാധ്യതയുണ്ട്. തീരദേശ വാസികൾ ജാഗ്രത പാലിക്കണം. പടിഞ്ഞാറ് ദിശയിൽ നിന്ന് മണിക്കൂറിൽ 35 മുതൽ 50 കിലോമീറ്റർ വേഗതയിൽ കേരള തീരത്തേക്ക് കാറ്റ് വീശാൻ സാധ്യതയുള്ളതിനാൽ മൽസ്യത്തൊഴിലാളികൾ കടലിൽ പോകാൻ പാടുള്ളതല്ല. കടൽ പ്രക്ഷുബ്ധമായ തീരങ്ങളിൽ വിനോദ സഞ്ചാരം ഒഴിവാക്കേണ്ടതാണ്.

### ജില്ലാ ആസൂത്രണ സമിതി യോഗം

## അവശ്യപദ്ധതികൾക്ക് വിഹിതം നീക്കിവച്ച പദ്ധതി രേഖകൾ അംഗീകരിച്ചു

ജില്ലാ ആസൂത്രണ സമിതി നിർദ്ദേശമനുസരിച്ച് ഈ സാമ്പത്തിക വർഷം മുഴുവൻ അവശ്യപദ്ധതികൾക്കും വിഹിതം നീക്കി വച്ച എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും പദ്ധതികൾക്ക് ആസൂത്രണസമിതി അംഗീകാരം നൽകി. എബിസി പദ്ധതിയുൾപ്പെടെയുള്ള സംയുക്ത പദ്ധതികൾക്ക് വിഹിതം നീക്കി വെക്കാത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതികൾ ജൂൺ 17 ന് ചേരുന്ന ആസൂത്രണസമിതി പരിശോധിക്കും. അതിന് മുമ്പ് വകയിരുത്താനുള്ള വിഹിതങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനപ്രതിനിധികൾക്ക് ജില്ലാ ആസൂത്രണസമിതി ചെയ്പേഴ്സൺ കൂടിയായ ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് മേരി തോമസ് നിർദ്ദേശം നൽകി.

ചാവക്കാട് നഗരസഭ അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി 809 കോടി രൂപ വകയിരുത്തിയ 581 പ്രോജക്ടുകൾക്കും ഇത് വഴി സൃഷ്ടിക്കപ്പെടുന്ന 222414 തൊഴിൽ ദിനങ്ങളുടെ ആക്ഷൻ പ്ലാനും, ലേബർ ബജറ്റും സമിതി അംഗീകരിച്ചു. കുന്നംകുളം നഗരസഭ 2017-18 ൽ പൂർത്തിയാക്കാത്ത 112 പദ്ധതികളും 2018-19 ൽ പൂർത്തിയാക്കാത്ത 269 പദ്ധതികളും ഉൾപ്പെടെ 381 പദ്ധതികൾ വഴി സൃഷ്ടിക്കപ്പെടുന്ന 57604 തൊഴിൽദിനങ്ങൾ ഈ വർഷം സ്പിൽ ഓവർ പദ്ധതികളായി തുടരാൻ തയ്യാറാക്കിയ ലേബർ ബജറ്റും ആക്ഷൻ പ്ലാനും ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ചു. മഹാത്മഗാന്ധി തൊഴിലുറപ്പു പദ്ധതിയുടെ ഭാഗമായി ചൊവ്വന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന വേലൂർ ഗ്രാമപഞ്ചായത്തിലെ നീർത്തടപ്രവർത്തനങ്ങളും സമിതി അംഗീകരിച്ചു.

സംയുക്ത പദ്ധതിയായ എനിമൽ ബർത്ത് കൺട്രോൾ അഥവാ എബിസി പദ്ധതിയിലൂടെ ജനുവരി മുതൽ മാർച്ച് വരെ 1581 നായകളെ വന്ധ്യംകരിച്ചതായി പദ്ധതിയുടെ ചുമതല

വഹിക്കുന്ന കുടുംബശ്രീ ജില്ലാ മിഷൻ കോർഡിനേറ്റർ ജ്യോതിഷ്കുമാർ സമിതിയെ അറിയിച്ചു. പദ്ധതി നിർവ്വഹണം കുടുംബശ്രീ ഏറ്റെടുത്ത് മുതലുള്ള കണക്കാണിത്. ജില്ലയിലെ എബിസി സെന്ററുകളായ ചാവക്കാട് 529, വെള്ളാങ്കല്ലൂർ 220, മാള 140, ചാലക്കുടി 231, മുണ്ടത്തിക്കോട് 461 എന്നിങ്ങനെയാണ് നായകളെ വന്ധ്യംകരിച്ചത്.

ആസൂത്രണസമിതി യോഗത്തിൽ ജില്ലാ കളക്ടർ ടി വി അനുപമ, പ്ലാനിങ് ഓഫീസർ ടി ആർ മായ എന്നിവർ സംബന്ധിച്ചു.

## “സ്കൂൾ ചലഞ്ച് ഫണ്ട് :” സംസ്ഥാനത്തെ ആദ്യ കെട്ടിടം ഉദ്ഘാടനം ഇന്ന്

സംസ്ഥാന സർക്കാരിന്റെ പൊതുവിദ്യാഭ്യാസ നയത്തിന്റെ ഭാഗമായി എയ്ഡഡ് സ ്കൂളുകൾക്ക് നൽകുന്ന ചലഞ്ച് ഫണ്ട് ഉപയോഗിച്ച് നിർമിച്ച സംസ്ഥാനത്തെ ആദ്യ കെട്ടിടം കണ്ടശ്ശാങ്കടവ് എച്ച് എസ് ഓഫ് മേരിസ് കോൺവെന്റ് ഗേൾസിൽ വിദ്യാഭ്യാസ വകുപ്പ് മന്ത്രി സി രവീന്ദ്രനാഥ് ഇന്ന് (ജൂൺ 15) ഉച്ചയ്ക്ക് 1.30 ന് ഉദ്ഘാടനം നിർവഹിക്കും. എംപി ടി എൻ പ്രതാപൻ അധ്യക്ഷത വഹിക്കും. മുരളി പെരുനെല്ലി എംഎൽഎ, മണലൂർ പഞ്ചായത്ത് പ്രസിഡന്റ് വിജി ശശി, ത്രിതല പഞ്ചായത്ത് പ്രതിനിധികൾ, ഹെഡ്മിസ്ട്രസ് സിസ്റ്റർ സന്ധ്യ, തൃശൂർ രൂപത ഫാദർ ടോണി നീലങ്കാവിൽ, പ്രൊവിൻഷ്യൽ സുപ്പീരിയർ സിസ്റ്റർ അനിജ, പിടിഎ പ്രസിഡന്റ് റോബിൻ വടക്കേത്തല എന്നിവർ പങ്കെടുക്കും. 40 ലക്ഷം രൂപയാണ് ചലഞ്ച് ഫണ്ട് ഇനത്തിൽ സർക്കാർ സകൂളിനു നൽകുന്നത് 2.75 കോടി രൂപ ചെലവ് വന്ന കെട്ടിടത്തിന്റെ ബാക്കി തുക മാനേജ്മെന്റും പിടിഎ യുംകൂടി സ്വരൂപിച്ചാണ് കെട്ടിടം നിർമ്മിച്ചത്. 14500 ചതുരശ്ര അടി വിസ്തീർണമുള്ള കെട്ടിടത്തിൽ അത്യാധുനിക രീതിയിൽ പണികഴിപ്പിച്ച 18 സ്മാർട്ട് ക്ലാസ്സ് മുറികളാണുള്ളത്. ജില്ലയിലെ 9 വിദ്യാലയങ്ങൾക്ക് ചലഞ്ച് ഫണ്ടിൽ ഉൾപ്പെടുത്തി ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുവാൻ അനുമതി കിട്ടിയിട്ടുണ്ട്. ക്ലാസ് മുറികളുടെ നിർമാണം, നവീകരണം, ലാബ്, ലൈബ്രറി നിർമാണം, സ്മാർട്ട്ക്ലാസ്സ് റൂം ക്രമീകരിക്കൽ, ഡൈനിങ് ഹാൾ, ടോയ്‌ലറ്റ്, സ്റ്റേഡിയം നിർമ്മാണം എന്നിങ്ങനെയുള്ള പ്രവർത്തികളാണ് പ്രസ്തുത വിദ്യാലയങ്ങളിൽ നടക്കുക. മൊത്തം 1 കോടി 80 ലക്ഷം രൂപയാണ് ഈ ഇനത്തിൽ സർക്കാർ വിദ്യാലയങ്ങൾക്കായി നൽകുക. അത്രയും തുക തന്നെ മാനേജ്മെന്റുകളും നിക്ഷേപിക്കും. 1:1 അനുപാതത്തിലാണ് പദ്ധതി നടപ്പിലാക്കുന്നത്.

## ലോക രക്തദാതാ ദിനം: ജില്ലാതലാചരണം

ലോക രക്തദാതാ ദിനത്തിന്റെ ജില്ലാതല ഉദ്ഘാടനം സെന്റ് തോമസ് കോളേജിൽ കോർപ്പറേഷൻ മേയർ അജിത വിജയൻ നിർവഹിച്ചു. സന്നദ്ധ രക്തദാനം ചെയ്യുന്ന വ്യക്തികളുടെ സേവനത്തിനു നന്ദി പറയുന്നതിനും ഇതുവരെ രക്തം ദാനം ചെയ്യാത്തവരെ രക്തദാനത്തിനായി പ്രോത്സാഹിപ്പിക്കുന്നതിനുമാണ് 2004 മുതൽ ലോകാരോഗ്യ സംഘടനയുടെ ആഭിമുഖ്യത്തിൽ ജൂൺ 14 ലോക രക്തദാതാ ദിനമായി ആചരിക്കുന്നത്. കൃത്യമായ ഇടവേളകളിൽ രക്തം ദാനം ചെയ്യണം എന്നും ദാനം ചെയ്യുന്ന ദിനത്തിന്റെ ഗുണമേന്മ ഉറപ്പു വരുത്തണമെന്നും ഈ ദിവസം ഓർമിപ്പിക്കുന്നു. മഞ്ഞപ്പിത്തം, എച്ച്ഐവി എയ്ഡ്സ് മുതലായ രക്തത്തിലൂടെ പകരുന്ന രോഗങ്ങൾ ഉള്ളവരും മറ്റു രോഗങ്ങൾ ഉള്ളവരും രക്തം ദാനം ചെയ്യുന്നതിൽ നിന്നും വിട്ടു നിൽക്കണം. അപൂർവ രക്തഗ്രൂപ്പ് ഉള്ളവർ രക്തം ദാനത്തിന് ശേഷം അത്യാവശ്യ ഘട്ടങ്ങളിൽ ആവശ്യമുള്ളവർക്ക് ആ രക്തഗ്രൂപ്പിലുള്ള രക്തം ലഭ്യമാവുന്നുണ്ട് എന്ന് ഉറപ്പു വരുത്തണം. സാർവത്രിക ആരോഗ്യ പരിരക്ഷ ഉറപ്പാക്കുന്നതിനായി എല്ലാവർക്കും സുരക്ഷിത രക്തം ഉറപ്പാക്കുക എന്നതാണ് ഈ വർഷത്തെ സന്ദേശം.

കോർപ്പറേഷൻ ആരോഗ്യ സ്ഥിരം സമിതി അദ്ധ്യക്ഷ എം എൽ റോസ്സി അദ്ധ്യക്ഷത നിർവഹിച്ചു. ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. കെ ജെ റീന മുഖ്യ പ്രഭാഷണം നടത്തി. ആരോഗ്യകേരളം ജില്ലാ പ്രോഗ്രാം മാനേജർ മേജർ ഡോ. ടി വി സതീശൻ ലോക രക്തദാന ദിന പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. സെന്റ് തോമസ് കോളേജ് എക്സിക്യൂട്ടീവ് മാനേജർ ഫാ. വർഗീസ് കുത്തൂർ മുഖ്യാതിഥിയായി. ജില്ലാ മെഡിക്കൽ ഓഫീസ്, സെന്റ് തോമസ് കോളേജ്

എൻഎസ്സ്എസ്സ് യൂണിറ്റ്,ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ, ലയൺസ് ക്ലബ്, ബോധി ഇന്ത്യ എന്നിവർ സംയുക്തമായി രക്തദാന ക്യാമ്പും സംഘടിപ്പിച്ചിരുന്നു. വിദ്യാർത്ഥികളും അധ്യാപകരും സന്നദ്ധ സേവകരും ഉൾപ്പടെ 46 പേർ രക്തം ദാനം ചെയ്തു. ഉദ്ഘാടനത്തിനു ശേഷം സംഘടിപ്പിച്ച സെമിനാറിൽ ഗവണ്മെന്റ് മെഡിക്കൽ കോളേജ് ബ്ലഡ് ബാങ്ക് അസിസ്റ്റന്റ് പ്രൊഫസ്സർ ഡോ. സജിത്ത് രക്തദാനവും സമൂഹവും എന്ന വിഷയത്തിൽ ക്ലാസ്സ് നയിച്ചു. സെന്റ് തോമസ് കോളേജ് പ്രിൻസിപ്പൽ ഡോ. കെ എൽ ജോയ് സ്വാഗതവും ജില്ലാ ടിബി സെന്റർ കൺസൽട്ടൻറ് ഡോ. പി സജീവ് കുമാർ നന്ദിയും പറഞ്ഞു.

## വായനപക്ഷാചരണം : ജില്ലാതല ഉദ്ഘാടനം 19 ന്

ജൂൺ 19 മുതൽ ജൂലൈ 7 വരെ ലൈബ്രറി കൗൺസിലിന്റെ ആഭിമുഖ്യത്തിൽ വായനാപക്ഷാചരണം സംഘടിപ്പിക്കുന്നു. വായനപക്ഷാചരണത്തിന്റെ ജില്ലാതല ഉദ്ഘാടനം ജൂൺ 19 രാവിലെ പത്തിന് കേരള സാഹിത്യ അക്കാദമി ഹാളിൽ ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് മേരി തോമസ് നിർവഹിക്കും. ജില്ലാ കളക്ടർ ടി വി അനുപമ അദ്ധ്യക്ഷത വഹിക്കും. കോർപ്പറേഷൻ മേയർ അജിത വിജയൻ മുഖ്യാതിഥിയാകും. സാഹിത്യ അക്കാദമി സെക്രട്ടറി കെ പി മോഹനൻ വായനദിന സന്ദേശം നൽകും. ലൈബ്രറി കൗൺസിൽ എക്സിക്യൂട്ടീവ് അംഗം ടി കെ വാസു പി എൻ പണിക്കർ അനുസ്മരണം നടത്തും. ലൈബ്രറി കൗൺസിൽ എക്സിക്യൂട്ടീവ് അംഗം സുനിൽ ലാലൂർ, ജില്ലാ ഇൻഫർമേഷൻ ഓഫീസർ ബി സേതുരാജ്, കുടുംബശ്രീ ജില്ലാ മിഷൻ കോർഡിനേറ്റർ കെ വി ജ്യോതിഷ്കുമാർ, സാക്ഷരത മിഷൻ ജില്ലാ കോർഡിനേറ്റർ ശ്യാംലാൽ എന്നിവർ ആശംസ നേരും. ലൈബ്രറി കൗൺസിൽ സെക്രട്ടറി കെ എൻ ഹരി പി എൻ പണിക്കർ ഫൗണ്ടേഷൻ കെ കെ സീതാരാമൻ നന്ദിയും പറയും.

## കയർ ഭൂവസ്ത്രം വിരിച്ചു

അരിമ്പൂർ ഗ്രാമപഞ്ചായത്തിലെ വില്ലുകുളം ചാൽ മുതൽ മണിയൻചാൽ വരെയുള്ള ഭാഗത്ത് കയർ ഭൂവസ്ത്രം വിരിക്കൽ ആരംഭിച്ചു. ഹരിതകേരളമിഷൻ പദ്ധതിയുടെ ഭാഗമായി 4 ലക്ഷം രൂപ വിനിയോഗിച്ചാണ് കയർഭൂവസ്ത്രം വിരിക്കുന്നത് വില്ലുകുളം ഭാഗത്തുനിന്ന് ആരംഭിക്കുന്ന 906 ചാൽ മുതൽ മണിയൻചാൽ വരെ 490 മീറ്റർ നീളത്തിൽ ചാലിന്റെ ഇരുവശങ്ങളിലുമായാണ് കയർഭൂവസ്ത്രം വിരിക്കുന്നത്. പദ്ധതിയിലൂടെ ഒരുകിലോ മീറ്ററോളം ദൂരത്തിൽ വില്ലുകുളം കോൾ പടവിലെ മണ്ണും ജലവും സംരക്ഷിക്കപ്പെടും. മഹാത്മാ ഗാന്ധി ദേശീയ തൊഴിലുറപ്പ് പ്രവർത്തകർ 523 തൊഴിൽദിനങ്ങളിലായാണ് ഭൂവസ്ത്രം വിരിക്കൽ പൂർത്തിയാക്കുക. കയർഭൂവസ്ത്രം വിരിച്ച ബണ്ടിൽ കുടുംബശ്രീ പ്രവർത്തകരെ ഉപയോഗിച്ച് രാമച്ചം നട്ടുപിടിപ്പിക്കുന്ന പദ്ധതിക്കും പഞ്ചായത്ത് ലക്ഷ്യമിടുന്നുണ്ട്. ഭൂവസ്ത്രം വിരിക്കൽ പഞ്ചായത്ത് പ്രസിഡന്റ് സുജാത മോഹൻദാസ് ഉദ്ഘാടനം ചെയ്തു. വൈസ് പ്രസിഡന്റ് എൻ വി സതീഷ് അധ്യക്ഷത വഹിച്ചു. പഞ്ചായത്ത് സെക്രട്ടറി എം ജയൻ റിപ്പോർട്ട് അവതരിപ്പിച്ചു. അംഗങ്ങളായ കെ എ അജയകുമാർ, സി ജി സജീഷ്, എൻജിനീയർ അനു വി എസ്, അസിസ്റ്റന്റ് സെക്രട്ടറി എ എൽ തോമസ് എന്നിവർ പങ്കെടുത്തു.

## ഗസ്റ്റ് ലക്ചർ നിയമനം

കുന്നംകുളം ഗവ. പോളിടെക്നിക് കോളേജിൽ ടൂൾ ആൻഡ് ഡൈ, ഇലക്ട്രോണിക്സ് ആൻഡ് കമ്മ്യൂണിക്കേഷൻ, കമ്പ്യൂട്ടർ, ഇലക്ട്രിക്കൽ എന്നീ എഞ്ചിനീയറിങ് വിഭാഗങ്ങളിൽ ഗസ്റ്റ് ലക്ചർ നിയമനം നടത്തുന്നു. ബി ടെക് ആണ് യോഗ്യത. താൽപര്യമുള്ളവർ അസ്സൽ സർട്ടിഫിക്കറ്റ് സഹിതം ജൂൺ 18 രാവിലെ 11 ന് അഭിമുഖത്തിന് എത്തണം. ഫോൺ : 04885-226581.

## ക്വട്ടേഷൻ

ചാവക്കാട് പൊതുമരാമത്ത് വകുപ്പ് നിരത്തുകൾ ഉപവിഭാഗം അസി. എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിലേക്ക് എസി സൗകര്യത്തോടുകൂടിയ ബെലോറ / തത്തുല്യ

വാഹനം വാടകയ്ക്ക് ലഭ്യമാക്കുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചു. കൂടുതൽ വിവരങ്ങൾക്ക് വെബ്സൈറ്റ് www.keralapwd.gov.in. ഫോൺ : 0487-2500067.

## ജില്ലാ വികസന സമിതി 29 ന്

ജില്ലാ വികസന സമിതി യോഗം ജൂൺ 29 രാവിലെ 11 ന് കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ചേരും.

## ക്ഷീരകർഷകർക്ക് ആശ്വാസമായി കൊടുങ്ങല്ലൂർ നഗരസഭ

ക്ഷീരകർഷകർക്ക് 10 ലക്ഷം രൂപ ആശ്വാസധനം നൽകി കൊടുങ്ങല്ലൂർ നഗരസഭ മാതൃകയായി. നഗരസഭയുടെ 2019-20 ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തിയ ക്ഷീരകർഷകർക്കായുള്ള പദ്ധതി പ്രകാരമാണ് ആശ്വാസധനം കൈമാറ്റം. ക്ഷീരസംഘങ്ങളിൽ പാൽ അളക്കുന്ന കർഷകർക്ക് ലിറ്ററിന് പ്രതിദിനം നാല് രൂപ പ്രകാരമാണ് ആശ്വാസധനം കർഷകരുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് നൽകിയത്. കൊടുങ്ങല്ലൂർ, പുല്ലൂറ്റ്, അഞ്ചപ്പാലം, കണ്ടംകുളം, തിരുവഞ്ചിക്കുളം എന്നീ ക്ഷീരസംഘങ്ങളിൽ പാൽ അളക്കുന്ന 143 കർഷകർക്കാണ് പദ്ധതിയുടെ ഗുണം ലഭിച്ചത്. പാലിന്റെ അളവനുസരിച്ച് 40,000 രൂപ വരെ ഈ പദ്ധതി പ്രകാരം കർഷകർക്ക് ലഭിച്ചു. 2018 ഏപ്രിൽ മുതൽ സംഘങ്ങൾ വഴി പാൽ അളന്ന കർഷകരാണ് ഗുണഭോക്താക്കളായത്. കൊടുങ്ങല്ലൂർ ക്ഷീരവികസന ഓഫീസർ എ. കവിതയാണ് പദ്ധതി നടപ്പിലാക്കുന്നതിന് നേതൃത്വം നൽകിയത്.

മുൻ സാമ്പത്തിക വർഷങ്ങളിൽ നഗരസഭ ഈ പദ്ധതിക്കായി പണം നീക്കിവെച്ചിരുന്നെങ്കിലും ഈ വർഷമാണ് ആദ്യമായി പദ്ധതി യാഥാർത്ഥ്യമാക്കുവാൻ കഴിഞ്ഞത്. പദ്ധതിയുടെ നിർവ്വഹണ ഉദ്യോഗസ്ഥയായി ജില്ലാ ക്ഷീരവികസന ഓഫീസറെയാണ് സർക്കാർ നിയമിച്ചിരുന്നത്. എന്നാൽ ചില സാങ്കേതിക തടസ്സങ്ങൾ മൂലം നടപ്പാക്കാൻ കാലതാമസം നേരിട്ടെങ്കിലും സാമ്പത്തിക വർഷത്തിന്റെ അവസാന ദിവസങ്ങളിൽ സംഖ്യ നഷ്ടപ്പെടാതിരിക്കുവാൻ നഗരസഭ സെക്രട്ടറിയെ നിർവ്വഹണ ഉദ്യോഗസ്ഥനാക്കി പദ്ധതി വിജയകരമായി നടപ്പിലാക്കിയെന്ന് നഗരസഭ ചെയർമാൻ കെ.ആർ. ജൈത്രൻ പറഞ്ഞു.

## കൊടുങ്ങല്ലൂർ ബസ് സ്റ്റാൻഡ് നവീകരിക്കുന്നു

കൊടുങ്ങല്ലൂർ നഗരസഭയുടെ തെക്കുഭാഗത്തെ ബസ് സ്റ്റാന്റ് കൂടുതൽ സൗകര്യപ്രദമാക്കി നവീകരിക്കാൻ നഗരസഭ തീരുമാനം. നഗരസഭ ഹാളിൽ വിളിച്ചു ചേർത്ത ബസ്സുടമകളുടെ യോഗത്തിൽ ചെയർമാൻ കെ.ആർ ജൈത്രനാണ് ഇക്കാര്യം വ്യക്തമാക്കിയത്. രണ്ട് സ്റ്റാൻറുകളും ഏകീകരിച്ച് വിപുലപ്പെടുത്തുന്നതിനും പദ്ധതിയുണ്ട്. നവീകരികരിക്കുന്നതോടെ പഴയപോലെ ബസ് സ്റ്റാന്റിനകത്ത് ബസ്സുകൾ കഴുകുന്നതും കാറുകളുൾപ്പെടെ സ്വകാര്യ വാഹനങ്ങൾ പ്രവേശിക്കുന്നത് അനുവദിക്കില്ലെന്നും ചെയർമാൻ അറിയിച്ചു. കൊടുങ്ങല്ലൂർ താലൂക്കാശുപത്രിയുടെ പടിഞ്ഞാറ് കോൺക്രീറ്റ് ചെയ്ത വൺവെറോഡ് അടിയന്തിരമായി അറ്റകുറ്റപ്പണികൾ ചെയ്യുവാനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മഴ തടസ്സമാകുന്നുണ്ടെങ്കിലും രണ്ട് ദിവസത്തിനകം പണി ആരംഭിച്ച് എത്രയും വേഗം റോഡ് പുനർനിർമ്മിക്കുമെന്നും അദ്ദേഹം പറഞ്ഞു. ബസുടമകൾ, വാർഡ് കൗൺസിലർമാർ എന്നിവർ യോഗത്തിൽ പങ്കെടുത്തു.

## ഐടിഐ പ്രവേശനം : അപേക്ഷ ക്ഷണിച്ചു

പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ തൃശ്ശൂർ ജില്ലയിലെ മായന്നൂർ, എങ്കക്കാട്, പുല്ലൂറ്റ്, എടത്തുരുത്തി, നടത്തറ, വി.ആർ പുരം, ഹെർബർട്ട് നഗർ, എരുമപ്പെട്ടി, പാലക്കാട് ജില്ലയിലെ പാലപ്പുറം, മംഗലം, ചിറ്റൂർ, മലപ്പുറം ജില്ലയിലെ കേരളാധിശ്വരപുരം, പാതായ്ക്കര, പൊന്നാനി, പാണ്ടിക്കാട്, കോഴിക്കോട് ജില്ലയിലെ കുറവങ്ങാട്, എലത്തൂർ, തൂണേരി, കണ്ണൂർ ജില്ലയിലെ മാടായി, കാസർകോട് ജില്ലയിലെ ചെറുവത്തൂർ, നീലേശ്വരം എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന ഐ.ടി.ഐകളിൽ എൻ.സി.വി.റ്റി പാഠ്യപദ്ധതിയനുസരിച്ചുള്ള പരിശീലനം നൽകുന്ന വിവിധ

മെട്രിക്, നോൺ മെട്രിക് ട്രേഡുകളിൽ അപേക്ഷ ക്ഷണിച്ചു. ആകെ സീറ്റുകളുടെ 80 ശതമാനം പട്ടികജാതി, 10 ശതമാനം പട്ടിക വർഗം, 10 ശതമാനം മറ്റു വിഭാഗങ്ങൾക്കുമായി സംവരണം ചെയ്തിട്ടുണ്ട്. അപേക്ഷ സമർപ്പിക്കുന്നതിന് 14 വയസ് പൂർത്തിയാവണം. അപേക്ഷാ ഫോം അതത് ഐ.ടി.ഐകളിൽ നിന്ന് ലഭിക്കും. പേര്, വയസ്, ജാതി, യോഗ്യത, അധികയോഗ്യത, എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം അപേക്ഷ ജൂൺ 29 വൈകീട്ട് 5 മണിക്കകം ലഭിക്കണം. പ്രവേശനം ലഭിക്കുന്നവർക്ക് ഒന്നാംവർഷം 820 രൂപയും രണ്ടാം വർഷം 630 രൂപയും ലംപ്സംഗ്രാന്റും ലഭിക്കും. എല്ലാ വിദ്യാർത്ഥികൾക്കും സൗജന്യ ഉച്ചഭക്ഷണവും പഠനകാലയളവിൽ 3000 രൂപ സ്റ്റഡി ടൂർ അലവൻസും ലഭിക്കും. ഫോൺ: 0495-2371451.

## പ്രോജക്ട് ഫെല്ലോ നിയമനം

ഗവ. മെഡിക്കൽ കോളേജിൽ പ്രോജക്ട് റിസർച്ച് ഫെല്ലോ തസ്തികയിൽ താൽക്കാലിക നിയമനം നടത്തുന്നു. സൈക്യാട്രി അല്ലെങ്കിൽ കമ്മ്യൂണിറ്റി നഴ്സിങ്ങിലുള്ള ബിരുദാനന്തര ബിരുദമാണ് യോഗ്യത. താൽപര്യമുള്ളവർ പ്രായം, യോഗ്യത, പ്രവൃത്തിപരിചയം എന്നിവ തെളിയിക്കുന്ന അസ്സൽ സർട്ടിഫിക്കറ്റ് സഹിതം ജൂൺ 19 രാവിലെ 10 ന് കോളേജ് പ്രിൻസിപ്പലിന്റെ കാര്യാലയത്തിൽ എത്തണം. ഫോൺ : 0487-2200316, 2200317.

## സൗജന്യ പരിശീലനം

ന്യൂനപക്ഷ ക്ഷേമ വകുപ്പിനു കീഴിൽ കൊടുങ്ങല്ലൂർ കോച്ചിങ് സെന്റർ ഫോർ മൈനോരിറ്റി യൂത്ത്സിൽ സൗജന്യ പിഎസ്സി, യുപിഎസ്സി പരീക്ഷാ പരിശീലനം ജൂലൈ ഒന്നിന് ആരംഭിക്കും. താൽപര്യമുള്ളവർ രണ്ട് ഫോട്ടോ, തിരിച്ചറിയൽ കാർഡിന്റെ കോപ്പി, സർട്ടിഫിക്കറ്റിന്റെ പകർപ്പ് സഹിതമുള്ള അപേക്ഷ ജൂൺ 20 നകം നൽകണം. ഫോൺ : 0480-2804859, 9400976839, 9037902372.

## ഹ്രസ്വകാല പരിശീലനം

പുന്നപ്ര കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മേക്കിങ് ഓഫ് ദി ബെസ്റ്റിൽ സഹകരണസംഘങ്ങളിലെ ജീവനക്കാർക്ക് പ്രമോഷനും ഇൻക്രിമെന്റിനും വേണ്ടി ജൂൺ 19 മുതൽ 21 വരെ സബ് സ്റ്റാഫിനും ജൂൺ 24 മുതൽ 28 വരെ മിനിസ്റ്റീരിയൽ വിഭാഗത്തിനും പുന്നപ്ര വാടയ്ക്കൽ അക്ഷര നഗരി ക്യാമ്പസിൽ ഹ്രസ്വകാല പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. ബുക്കിങ്ങിനും വിശദവിവരങ്ങൾക്കും വേണ്ടി 0477-2266701, 2970701, 9447729772, 9497221291, 9037323239.

## മീഡിയ അക്കാദമി :
## കോഴ്സുകൾക്ക് 22 വരെ അപേക്ഷിക്കാം

കേരള മീഡിയ അക്കാദമിയുടെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കമ്യൂണിക്കേഷനിലെ ജേർണലിസം ആൻഡ് കമ്മ്യൂണിക്കേഷൻ, ടെലിവിഷൻ ജേർണലിസം, പബ്ലിക് റിലേഷൻസ് ആൻഡ്അഡ്വർടൈസിങ് എന്നീ ബിരുദാനന്തര ഡിപ്ലോമ കോഴ്സുകളിലേക്ക് അപേക്ഷിക്കാനുള്ള തീയതി ജൂൺ 22 വരെ നീട്ടി. അപേക്ഷ നൽകിയവർക്കായി ജൂൺ 29-ന് (ശനിയാഴ്ച) പ്രവേശനപരീക്ഷ നടത്തും. അപേക്ഷാഫോറവും പ്രോസ്പെ ക്ടസും മീഡിയ അക്കാദമിയുടെ www.keralamediaacademy.org എന്ന വെബ്സൈറ്റിൽ ലഭിക്കും. പൂരിപ്പിച്ച അപേക്ഷാഫോം ജൂൺ 22 വൈകിട്ട് 5 മണിക്കകം സെക്രട്ടറി, കേരള മീഡിയ അക്കാദമി, കാക്കനാട്, കൊച്ചി - 30 എന്ന വിലാസത്തിൽ നൽകണം. കൂടുതൽ വിവരങ്ങൾ അക്കാദമി ഓഫീസിൽ നിന്ന് ലഭിക്കും. ഫോൺ: 0484 2422275, 0484 2422068.

കൊല്ലം (ഗവ: ബോയ്സ് ഹൈസ്കൂൾ, സിവിൽ സ്റ്റേഷനു സമീപം), കൊച്ചി (കേരള മീഡിയ അക്കാദമി, സിവിൽ സ്റ്റേഷനു സമീപം, കാക്കനാട്), കോഴിക്കോട് (ഗവ: വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ, പോലീസ് സ്റ്റേഷനു സമീപം, നടക്കാവ്) എന്നിവിടങ്ങളിലാണ് എഴുത്തു പരീക്ഷ. ജേർണലിസം, ടി.വി. ജേർണലിസം, പബ്ലിക് റിലേഷൻസ് കോഴ്സുകൾക്കുള്ള പൊതുവായ പരീക്ഷ രാവിലെ 10.30 മുതൽ ഉച്ചയ്ക്ക് 12.30 വരെയാണ്. അപേക്ഷകർക്കുള്ള ഹാൾ

ടിക്കറ്റുകൾ തപാൽ മാർഗം അയക്കും. ഹാൾ ടിക്കറ്റ് ലഭിക്കാത്തവർക്ക് താഴെ കൊടുത്തിരിക്കുന്ന ഫോൺ നമ്പറുകളിൽ ബന്ധപ്പെടണം. കൊച്ചി കേന്ദ്രം - 0484 - 2422275, 2422068 (ഡോ. എം. ശങ്കർ ഡയറക്ടർ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കമ്യൂണിക്കേഷൻ), കോഴിക്കോട് - 9388533920 (ഹേമലത), 9388959192 (ബി. ശ്രീജ) കൊല്ലം - 9633525585 (അനീഷ് എം.ഡി).